പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*127 05.12.14-ൽ മറുപടി പറയേണ്ടത്

## നിയമ വിരുദ്ധ നിർമ്മാണങ്ങൾക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.എസ്.ശർമ്മ | ശ്രീ.ബഹു:നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
| (എ)പരിസ്ഥിതി-വനം മന്ത്രാലയത്തിന്റെ അനുമതി വാങ്ങാതെയും തീരദേശ മേഖലാ നിയന്ത്രണചട്ടങ്ങൾ ലംഘിച്ചും സംസ്ഥാനത്തെ തീരപ്രദേശങ്ങളിലും കായലുകളുടെ സമീപത്തും ഫ്ലാറ്റ് സമുച്ചയങ്ങൾ പടുത്തുയർത്തിയത് ആരൊക്കെയാണെന്ന് സി.ആന്റ് എ.ജി. ചൂണ്ടിക്കാണിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) സി&എ.ജി. റിപ്പോർട്ട് ഖണ്ഡിക 4.1.4.2 പ്രകാരം പരിസ്ഥിതി-വനം മന്ത്രാലയത്തിന്റെ അനുമതി വാങ്ങാതെയും തീരദേശമേഖലാ നിയന്ത്രണ ചട്ടങ്ങൾ ലംഘിച്ചും ചിലവന്നൂർ കായൽ തീരത്ത് താഴെ പറയുന്ന 19 കെട്ടിടങ്ങളുടെ നിർമ്മാണം നടക്കുന്നതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. |

| ക്രമ നം. | പദ്ധതിയുടെ പേര് | കെട്ടിടങ്ങളുടെ എണ്ണം | നദീതീരത്തു നിന്നുള്ള നിർമ്മാണ സ്ഥലത്തിന്റെ ദൂരം (മീറ്ററിൽ) |
|---|---|---|---|
| 1 | ഗ്യാലക്സി ഡവലപ്പേഴ്സ് (നാലു ബ്ലോക്കുകളിലുള്ള 13 നില കെട്ടിടം) | 4 | 9.80 |
| 2 | ഹീര കൺസ്ട്രക്ഷൻസ് (18 നില കെട്ടിടം) | 1 | 17.17 |
| 3 | അമ്പാടി റിട്രീറ്റ്സ് (9 നിലയുള്ള കെട്ടിടം) | 1 | 60 |
| 4 | അമ്പാടി റിട്രീറ്റ്സ് (അടുക്കള റസ്റ്ററന്റ്) | 1 | 18.50 |
| 5 | ജ്യൂവൽ ഹോംസ് (2 ബ്ലോക്കുകളിലുള്ള 10 നില കെട്ടിടം) | 2 | 32.50 |

| | | | |
|---|---|---|---|
| 6 | ജ്യൂവൽ ഹോംസ് (കാർ പോർച്ച്) | 1 | 17.50 |
| 7 | എം.എ.യൂസഫലി (3 നില കെട്ടിടം) | 1 | 10 |
| 8 | റെയ്ൻ ട്രീ റിയാംസ് | 1 | 10 |
| 9 | ആബാദ് ലോട്ടസ് | 1 | 16.30 |
| 10 | ബ്ലൂ ലഗൂൺ (വാട്ടർ ഫ്രണ്ട് എൻക്ലേവ്) | 1 | 7.20 |
| 11 | മെസ്സേഴ്സ് അദേലി ബിൽഡേഴ്സ് & ഡവലപ്പേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡ് (5 ബ്ലോക്കുകളിലുള്ള 21 നില കെട്ടിടം) | 5 | 27.54 |
| | 19 കെട്ടിടങ്ങൾ | | |

| | |
|---|---|
| (ബി) എങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (ബി) കെട്ടിട ഉടമകൾക്ക്, കേരളാ കോസ്റ്റൽ സോണൽ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും എൻ.ഒ.സി. ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും നോട്ടീസ് നൽകിയിട്ടുണ്ട്. |
| (സി)ചട്ടങ്ങൾ ലംഘിച്ച് നിർമ്മാണം നടത്തിയ കെട്ടിടങ്ങളുടെ കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ ? | (സി) കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 1999-ലെ വ്യവസ്ഥകൾക്കനുസരിച്ചും മറ്റ് വിവിധ നിയമവ്യവസ്ഥകളിൽ അനുശാസിക്കപ്പെട്ട നിബന്ധനകൾക്ക് അനുസൃതമായും മാത്രമാണ് സംസ്ഥാനത്ത് നഗരസഭാ പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിയുന്നത്. നിയമ വിരുദ്ധമായും അംഗീകാരം കൂടാതെ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ 1994-ലെ കേരളാ മുനിസിപ്പാലിറ്റീസ് ആക്ടിലെ 406-ാം വകുപ്പിന് അനധികൃതമായി നോട്ടീസും താൽക്കാലിക ഉത്തരവും നൽകി കക്ഷികളെ നേരിൽ വിചാരണ ചെയ്ത് അനധികൃത കെട്ടിടങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികളാണ് കോർപ്പറേഷൻ/ മുനിസിപ്പൽ സെക്രട്ടറിമാർ സ്വീകരിച്ചു വരുന്നത്. 2014-ലെ കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റെഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ റൂൾസിലെ വ്യവസ്ഥകൾ പ്രകാരം കെ.എം.ബി.ആർ. |

| | |
|---|---|
| | 1999-ലെ സേഫ്റ്റി ആന്റ് സെക്യൂരിറ്റി വ്യവസ്ഥകളെ ബാധിക്കുന്നതും ടൗൺ പ്ലാനിംഗ് സ്കീമുകൾ, ആർക്കിയോളജിക്കൽ സൈറ്റ്സ് ആന്റ് റിമെയിൻസ് ആക്ട്, കോസ്റ്റൽ സോൺ റഗുലേഷൻസ്, നെൽ വയൽ സംരക്ഷണ നിയമം എന്നിവ ഉൾപ്പെടെയുള്ള വ്യവസ്ഥകളെ പ്രതികൂലമായി ബാധിക്കാത്ത അനധികൃത കെട്ടിടങ്ങളെ ചില വ്യവസ്ഥകൾക്ക് വിധേയമായി ക്രമീകരിച്ചു നൽകുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ